**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. മുരളി പെരുനെല്ലി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിനും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച കൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ ലഭ്യതയും ഉറപ്പവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും എല്ലാ ജില്ലകളിലും ഒരു പ്രത്യേക ഉല്പന്നാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി (പി.എം.എഫ്.എം.ഇ.പി) -യിൽപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഒരു ജില്ല ഒരു ഉത്പന്നം" എന്ന പദ്ധതി. ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉത്പന്നത്തെ തെരഞ്ഞെടുത്ത് അതിനെ വളർത്തിക്കൊണ്ടു വരാനാണ് ശ്രമം. മരച്ചീനി, ചക്ക, അരി ഉത്പന്നം, കൈതച്ചക്ക, സുഗന്ധവ്യഞ്ജനം, ഏത്തക്കായ, നാളികേരം, പാലുത്പന്നങ്ങൾ, വെളിച്ചെണ്ണ തുടങ്ങി 9 ഉത്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളിലായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രകാരം കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിനായി പ്രോജക്ട് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ്. |
| (ബി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | വ്യവസായം ആരംഭിക്കാൻ മുന്നോട്ട് വരുന്നവർക്കായുള്ള വിവിധ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടെപ്രെന്യൂർഷിപ് ഡെവലപ്മെന്റ് കളമശ്ശേരിയുടെ നേതൃത്വത്തിലും വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന് പുറമെ പി.എം.എഫ്.എം.ഇ. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിട്ടുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടികളുടെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണ് എന്നറിയിക്കുമോ; | (സി) | വ്യവസായം ആരംഭിക്കാൻ മുന്നോട്ട് വരുന്നവർക്കായുള്ള വിവിധ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻട്രെപ്രെന്യൂർഷിപ് ഡെവലപ്മെന്റ് കളമശ്ശേരിയുടെ നേതൃത്വത്തിലും വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന് പുറമെ പി.എം.എഫ്.എം.ഇ. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിട്ടുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. |
| (ഡി) | ഒരു ജില്ലയിൽ ഒരു വ്യവസായോല്പന്നം പദ്ധതി ഏതെല്ലാം ജില്ലകളിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | കേരളത്തിലെ എല്ലാ ജില്ലകളിലും ടി പദ്ധതി ആരംഭിക്കുന്നുണ്ട്. പദ്ധതിക്കുള്ള അപേക്ഷകൾ എല്ലാ ജില്ലകളിലും ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് നല്ല രീതിയിലുള്ള അനുകൂല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ